ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.10.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ആരോഗ്യപ്രവർത്തകർ സേവനമനോഭാവത്തോടെയും കരുണയോടെയും പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu calls upon healthcare workers to serve with compassion and spirit of service.**

2. ഏകീകൃത ഗതാഗത-ചരക്ക് നീക്ക അതോറിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ചെറുകിട-ഇടത്തര സംരംഭ വളർച്ചാ ഫണ്ടിനും അനുമതി.

   **The Union Cabinet approves the formation of a Integrated Transport and Logistics Authority ; Cabinet also approves Small and Medium Enterprises Growth fund**

3. ഇന്ത്യയുടെ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിന് ശക്തവും സംയോജിതവുമായ സമുദ്ര ആവാസവ്യവസ്ഥ ആവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh states that a robust and integrated maritime ecosystem is essential to enhance India's defence capabilities.**

4. ഒമാൻ തീരത്തും കരിങ്കടലിലും കപ്പലുകൾക്ക് നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച് ഇന്ത്യ.

**India condemns the attacks on ships off the coast of Oman and in the Black Sea.**

5. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**The India Meteorological Department forecasts isolated heavy rainfall in Kerala; 'Yellow Alert' has been issued for nine districts today..**

6. വെസ്റ്റ് ഇൻഡീസിനെതിരായ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു.

**India won the toss and chose to field in the first match of the T20 cricket series against the West Indies.**

**HP- PREZ ( INTRO )**

ഡോക്ടർമാർ ഉൾപ്പടെയുള്ള ആരോഗ്യപ്രവർത്തകർ സേവനമനോഭാവത്തോടെയും കരുണയോടെയും പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്ത് രാഷ്ട്രപതി ദ്രൗപദി മുർമു. ഹിമാചൽ പ്രദേശിലെ ബിലാസ്പൂർ എയിംസിൽ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു

രാഷ്ട്രപതി. മാനവ സേവനമായിരിക്കണം ഡോക്ടർമാരുടെ പ്രാഥമിക ലക്ഷ്യമെന്നും രാഷ്ട്രപതി പറഞ്ഞു. (ബൈറ്റ് രാഷ്ട്രപതി)

❁❁❁❁❁❁❁❁❁❁❁❁❁

## VP - COVOCATION

എല്ലാ ഇന്ത്യൻ ഭാഷകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുവർണ്ണ നൂലാണ് സംസ്കൃതമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിലെ ശ്രീ ലാൽ ബഹാദൂർ ശാസ്ത്രി നാഷണൽ സംസ്കൃത് യൂണിവേഴ്സിറ്റിയുടെ രണ്ടാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രം, സാഹിത്യം, തത്വശാസ്ത്രം എന്നീ മേഖലകളിൽ സംസ്കൃതത്തിന് ഉന്നതമായ സ്ഥാനമാണുള്ളതെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## CABINET(INTRO)

ഏകീകൃത ഗതാഗത-ചരക്ക് നീക്ക അതോറിറ്റി രൂപീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഗതാഗത-ലോജിസ്റ്റിക്സ് മേഖലയിലുടനീളമുള്ള ഗവേഷണം, ആസൂത്രണം, തുടങ്ങിയവ ശക്തിപ്പെടുത്താൻ

ഇത് സഹായകമാകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. രാജ്യത്തെ ഗതാഗത-ചരക്കു നീക്ക ആസൂത്രണത്തിനായുള്ള പരമോന്നത സമിതിയായി ഇത് പ്രവർത്തിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. പത്ത് വർഷ കാലയളവ് ലക്ഷ്യമിട്ടുള്ള ദീർഘകാല 'ദേശീയ ഗതാഗത മാസ്റ്റർ പ്ലാൻ ',ഈ അതോറിറ്റി തയ്യാറാക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയിസ് )

ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ ഓഹരി നിക്ഷേപം നടത്തുന്നതിനായി 10,000 കോടി രൂപയുടെ 'ചെറുകിട-ഇടത്തരം സംരംഭ വളർച്ചാ ഫണ്ട്' സ്ഥാപിക്കുന്നതിനും കേന്ദ്ര മന്ത്രിസഭ ഇന്ന് അംഗീകാരം നൽകി. ഇതിലൂടെ മികച്ച ബിസിനസ് സാധ്യതകളും വളർച്ചാ ശേഷിയും തെളിയിച്ചിട്ടുള്ള ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ദീർഘകാല മൂലധനം ലഭ്യമാക്കുമെന്ന് ശ്രീ. വൈഷ്ണവ് പറഞ്ഞു. പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ചുകൊണ്ടുള്ള പ്രമേയവും കേന്ദ്ര മന്ത്രിസഭ ഇന്ന് പാസാക്കി. 2001 ഒക്ടോബർ 7-നാണ് ഗുജറാത്ത് മുഖ്യമന്ത്രിയായി അദ്ദേഹം ചുമതലയേറ്റത്.

## RAJNATH SINGH – MARITIME

ഇന്ത്യയുടെ നാവികശേഷിയും പ്രതിരോധ ശേഷിയും വർദ്ധിപ്പിക്കുന്നതിന് ശക്തവും സംയോജിതവുമായ സമുദ്ര ആവാസവ്യവസ്ഥ ആവശ്യമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡിൽ ഫ്ലീറ്റ് സപ്പോർട്ട് ഷിപ്പ് -1 - 'സൂര്യ' ഫ്ലാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടാതെ FSS-5 കപ്പലിന്റെ നിർമ്മാണോദ്ഘാടനവും അപ്ഗ്രേഡ് ചെയ്ത സ്ലിപ്പ്‌വേ-4, 300 ടൺ ശേഷിയുള്ള ഗോലിയാത്ത് ക്രെയിൻ എന്നിവയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. ഇന്ത്യൻ നാവികസേനയുടെ പ്രവർത്തനക്ഷമതയും വ്യാപ്തിയും വർദ്ധിപ്പിക്കാൻ 'സൂര്യ' സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

## DEFENCE CONTRACTS

ഇന്ത്യൻ നാവികസേനയ്ക്കായി ബ്രഹ്മോസ് ഫയർ കൺട്രോൾ സിസ്റ്റവും ലോഞ്ചറുകളും വാങ്ങാനൊരുങ്ങി പ്രതിരോധ മന്ത്രാലയം. ഇതിനായി ബ്രഹ്മോസ് എയറോസ്പേസ് പ്രൈവറ്റ് ലിമിറ്റഡുമായി 660 കോടിയിലധികം രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവെച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിംഗിന്റെ സാന്നിധ്യത്തിലാണ് കരാർ ഒപ്പിട്ടത്. കുറഞ്ഞത് 68 ശതമാനം തദ്ദേശീയ ഘടകങ്ങൾ ഉൾപ്പെടുന്ന ഈ പദ്ധതി എം.എസ്.എം.ഇകൾ ഉൾപ്പെടെയുള്ള ഇന്ത്യൻ

വ്യവസായങ്ങൾക്ക് പങ്കാളിത്തം ഉറപ്പാക്കുകയും മൂന്ന് വർഷത്തിനിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

## UN INDIA FINANCE

ഗ്ലോബൽ സൗത്തിന് കൂടുതൽ പ്രാതിനിധ്യവും താങ്ങാൻ കഴിയുന്ന രീതിയിലുള്ള ധനസഹായവും ഉറപ്പാക്കുന്നതിനായി അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളെ പരിഷ്കരിക്കണമെന്ന് ആവർത്തിച്ച് ഇന്ത്യ. യു.എൻ. പൊതുസഭയുടെ സാമ്പത്തിക-ധനകാര്യ കമ്മിറ്റിയിൽ പാർലമെന്റ് അംഗം സി.പി. ജോഷിയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

## WORLD BAND-GDP

നടപ്പ് സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം 6.6 ശതമാനത്തിൽ നിന്ന് 7.1 ശതമാനമാകുമെന്ന് ലോകബാങ്ക് .സ്വകാര്യ ഉപഭോഗം വളർച്ചയുടെ പ്രധാന ഘടകമായി തുടരുമെന്നും പൊതുനിക്ഷേപം വർധിച്ചതും അനുകൂലമായ സാമ്പത്തിക-നയ സാഹചര്യങ്ങളും ഇതിന് കൂടുതൽ കരുത്ത് പകരുമെന്നും ലോകബാങ്ക് വിലയിരുത്തുന്നു.

## DRDO

DRDO തദ്ദേശീയമായി വികസിപ്പിച്ചെടുത്ത 'ഹൈ-ആൾട്ടിറ്റ്യൂഡ് പ്ലാറ്റ്ഫോം' ന്റെ പരീക്ഷണപ്പറക്കൽ വിജയകരം. ഇന്ത്യൻ വ്യോമസേന, സെന്റർ ഫോർ മിലിട്ടറി എയർവർത്തിനസ് ആൻഡ് സർട്ടിഫിക്കേഷൻ, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവരുമായി സഹകരിച്ചാണ് പരീക്ഷണം നടത്തിയതെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഇന്ത്യയുടെ 'ആത്മനിർഭർ ഭാരത്' ലക്ഷ്യത്തിലേക്കുള്ള സുപ്രധാന നാഴികക്കല്ലാണിതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വിശേഷിപ്പിച്ചു.

## MEA - VESSEL ATTACK

ഒമാൻ തീരത്ത് വെച്ച് പനാമയുടെ വാണിജ്യ കപ്പലിനു നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച് ഇന്ത്യ. ആക്രമിക്കപ്പെട്ട എംടി ഓൺ പീസ് എന്ന കപ്പലിലെ 19 ജീവനക്കാരിൽ 17 പേരും ഇന്ത്യക്കാരാണ്. 11 ഇന്ത്യക്കാരുൾപ്പെടെ 12 ജീവനക്കാർക്ക് പരിക്കേറ്റതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഒമാൻ അധികൃതരുടെ സഹായത്തോടെ പരിക്കേറ്റവരെ രക്ഷപെടുത്തി ആശുപത്രിയിലെത്തിച്ചിട്ടുണ്ട്. മേഖലയിൽ കപ്പലുകൾക്കു നേരെയുള്ള ആക്രമണങ്ങൾ അവസാനിപ്പിക്കണമെന്നും ഹോർമുസിലൂടെയുള്ള ഗതാഗതം എത്രയും വേഗം

പുനഃസ്ഥാപിക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. കരിങ്കടലിൽ 'എംവി റോയാദ് മമ്മദോവ്' എന്ന കപ്പലിനു നേരെയുണ്ടായ ആക്രമണത്തെയും ഇന്ത്യ അപലപിച്ചു. ആക്രമണത്തിൽ രണ്ട് വിദേശ നാവികർ കൊല്ലപ്പെടുകയും, ഇന്ത്യക്കാരുൾപ്പെടെയുള്ള കപ്പൽ ജീവനക്കാർക്ക് പരിക്കേൽക്കുകയും ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA SANKALP (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ജനസേവനത്തിലൂടെ രാഷ്ട്രസേവനം എന്ന പ്രത്യേക പരമ്പരയിൽ, യുപിഐ പണമിടപാട് സംവിധാനത്തെ കുറിച്ചാണ് ഇന്ന്. എല്ലാ പൗരന്മാർക്കും ലളിതവും സുരക്ഷിതവുമായ പേയ്മെന്റ് സംവിധാനം ഒരുക്കുക എന്ന ആശയത്തിൽ 2016 ഓഗസ്റ്റ് 25-നാണ് യുപിഐ ആരംഭിച്ചത്. നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വികസിപ്പിച്ച യൂണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ് നിലവിൽ 11 രാജ്യങ്ങളിൽ ലഭ്യമാണ്. UPI സേവനം ഇനി ഇന്ത്യയുടെ അതിർത്തികൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ലെന്ന് ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിനെ അഭിസംബോധന ചെയ്യവേ പ്രധാനമന്ത്രി പറഞ്ഞു.

( വോയിസ്....)

## NOBEL PRIZE–PHYSICS

പ്രശസ്ത ബെൽജിയൻ ശാസ്ത്രജ്ഞൻ ഫ്രാൻസിസ് ഹാൾസൻ 2026 ലെ ഭൗതികശാസ്ത്രത്തിനുള്ള നൊബേൽ പുരസ്കാരത്തിന് അർഹനായി. പ്രപഞ്ചപഠനത്തിന് പുതുവഴികൾ തുറന്ന ദക്ഷിണധ്രുവത്തിൽ സ്ഥിതി ചെയ്യുന്ന ഐസ്ക്യൂബ് ന്യൂട്രിനോ ഒബ്സർവേറ്ററി നിർമാണത്തിനും ഉയർന്ന ഊർജ്ജമുള്ള ന്യൂട്രിനോകളെ കണ്ടെത്തിയതിനുമാണ് പുരസ്കാരം. സ്റ്റോക്ഹോമിലെ റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസസാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

## RAIN KERALAM

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നൽകി. തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

## CRICKET

വെസ്റ്റ് ഇൻഡീസിനെതിരായ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തിരഞ്ഞെടുത്തു. ലക്നൗവിലാണ് മത്സരം. അഞ്ച് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

## CRICKET–HARMANPREET

ഇന്ത്യൻ വനിതാ ക്രിക്കറ്റ് ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ മൂന്ന് ഫോർമാറ്റുകളിൽ നിന്നുമുള്ള ക്യാപ്റ്റൻ സ്ഥാനം ഒഴിഞ്ഞു. ഗുവാഹത്തിയിൽ നടന്ന ബി.സി.സി.ഐ അവലോകന യോഗത്തിന് ശേഷമാണ് 37 കാരിയായ ഹർമൻപ്രീത് തീരുമാനം പ്രഖ്യാപിച്ചത്. കഴിഞ്ഞ വർഷം ഇന്ത്യക്ക് കന്നി ഏകദിന ലോകകപ്പ് കിരീടവും ഏഷ്യൻ ഗെയിംസ് സ്വർണവും സമ്മാനിച്ചത് ഹർമൻപ്രീതിന്റെ നേതൃത്വത്തിലായിരുന്നു. 5 ടെസ്റ്റുകളിലും 51 ഏകദിനങ്ങളിലും 155 ട്വന്റി-20കളിലും ഇന്ത്യയെ നയിച്ച അവർ ടീമിൽ തുടരും.

## SAUDI HOUTHI FIGHTING INTENSIFIES

യമനിലെ ഹൂതി കേന്ദ്രങ്ങൾക്ക് നേരെ ആക്രമണം ശക്തമാക്കി സൗദി സഖ്യസേന. ഹൊദൈദയിൽ സൗദി നാവികസേന നടത്തിയ ഓപ്പറേഷനിലൂടെ, തെക്കൻ ചെങ്കടൽ മേഖലയിൽ നടത്താനിരുന്ന ആക്രമണങ്ങൾ തടഞ്ഞതായി സഖ്യസേന അറിയിച്ചു. ഹൂതികൾക്കെതിരെ യമൻ സർക്കാരും ഓപ്പറേഷൻ ഡോൺ ഓഫ് യമൻ

ശക്തമാക്കി. അതിനിടെ, യമൻ സർക്കാരിനെ പിന്തുണയ്ക്കാനും, ഭരണ സംവിധാനം പുനഃസ്ഥാപിക്കാനുമുള്ള സൗദി അറേബ്യയുടെ ശ്രമങ്ങൾക്ക് ബഹ്റൈൻ വിദേശകാര്യ മന്ത്രാലയം പിന്തുണ പ്രഖ്യാപിച്ചു.